» ജീവിതരേഖ

# ശ്വാസം വായുവായി തീരുമ്പോൾ

**മൃത്യുവിന്റെ ആഴങ്ങളിലേക്കു ദ്രുതഗതിയിൽ മുങ്ങിക്കൊണ്ടിരുന്ന ദുർബലമായ ജീവന്റെ നേരിയ തുമ്പിൽ പിടിച്ചുകിടന്നുകൊണ്ടാണ് ഡോ. പോൾ കലാനിധി മർത്ത്യതയെക്കുറിച്ചു മനനം ചെയ്യുന്നത്.**


■ ഫാ. ഡോ. കെ.എം. ജോർജ്ജ്



പോൾ കലാനിധി



മലയാളം Fri, 14 October 2016
epaper.malayalamvaarika.com/c/14546493



എപ്പോഴാണ് നമ്മുടെ ശ്വാസം വെറും വായുവായി മാറുന്നത്? ചോദ്യം നിസ്സാരമായി തോന്നാം, പക്ഷേ, ചോദിക്കുന്നതു മാരകമായ ശ്വാസകോശ കാൻസർ ബാധിച്ചു മരിച്ചുകൊണ്ടിരിക്കുന്ന പ്രതിഭാശാലിയായ ഒരു യുവ ഡോക്ടർ. പ്രശസ്തമായ സ്റ്റാൻഫഡ് യൂണിവേഴ്സിറ്റിയിൽ, ന്യൂറോ സർജറിയിലും മസ്തിഷ്ക ഗവേഷണത്തിലും അമേരിക്കയുടെ ദേശീയ പുരസ്കാരം നേടിയ ഡോ. പോൾ കലാനിധി 36-ാം വയസ്സിൽ മരിക്കുന്നതിനു തൊട്ടുമുൻപുള്ള മാസങ്ങളിൽ എഴുതിത്തുടങ്ങിയതും പൂർത്തിയാക്കാത്തതുമായ പുസ്തകമാണ് 'ശ്വാസം വായുവായി തീരുമ്പോൾ' (When Breath Becomes Air). പതിനാറാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന കവി ബ്രൂക്ക് ഗ്രെവിലിന്റെ കവിതയിൽനിന്നാണ് സാഹിത്യപ്രേമിയായ ഡോകടർ തന്റെ ശീർഷകം കണ്ടെത്തിയത്.

മൃത്യുവിന്റെ ആഴങ്ങളിലേക്കു ദ്രുതഗതിയിൽ മുങ്ങിക്കൊണ്ടിരുന്ന ദുർബലമായ ജീവന്റെ നേരിയ തുമ്പിൽ പിടിച്ചുകിടന്നുകൊണ്ടാണ് ഡോ. കലാനിധി തന്റെ മർത്യതയെക്കുറിച്ചു മനനം ചെയ്യുന്നത്.

അമേരിക്കയിൽ ഡോക്ടർമാരായ തമിഴ് ദമ്പതിമാർക്കു ജനിച്ച പോൾ, സ്റ്റാൻഫഡിൽ ഇംഗ്ലീഷ് സാഹിത്യവും ബയോളജിയും പഠിച്ചു. പിന്നെ ഇംഗ്ലണ്ടിലെ കേംബ്രിഡ്ജിൽ ഫിലോസഫിയും വൈദ്യശാസ്ത്ര ചരിത്രവും പഠിച്ചു. അതിനുശേഷം യേൽ യൂണിവേഴ്സിറ്റിയിൽ മെഡിസിനും സ്റ്റാൻഫഡിൽ ഏഴു വർഷത്തെ ന്യൂറോ സർജറി പരിശീലനവും. പരിശീലനം തീരുന്നതിനു മുൻപുതന്നെ ദേശീയ പുരസ്കാരം നേടിയ കലാനിധിക്ക് അമേരിക്കയിലെ സ്റ്റാൻഫഡ് ഉൾപ്പെടെയുള്ള യൂണിവേഴ്സിറ്റികളിൽനിന്നും ഉന്നത ഗവേഷണകേന്ദ്രങ്ങളിൽനിന്നും കനത്ത ശമ്പളത്തോടെ ജോലിക്കു ക്ഷണം ലഭിച്ചുതുടങ്ങി. സാഹിത്യത്തിലും ഫിലോസഫിയിലും അതുപോലെ തന്നെ വൈദ്യശാസ്ത്രത്തിലും ആഴമായ താല്പര്യമുണ്ടായിരുന്ന പോൾ തന്റെ ശോഭനമായ ഭാവി ആസൂത്രണം ചെയ്തു തുടങ്ങി. അടുത്ത 20 വർഷം ന്യൂറോ സർജറിയും മസ്തിഷ്ക ഗവേഷണവും പിന്നെ ഒരു 20 വർഷം എഴുത്തും യാത്രയും.

അതിനോടകം മെഡിക്കൽ സ്കൂളിൽ സഹപാഠിനിയായിരുന്ന ലൂസിയെ വിവാഹം കഴിച്ചിരുന്നു. രണ്ടുപേർക്കും റസിഡൻസി പരിശീലനത്തിന്റെ അതിക്ലേശകരമായ ചുമതലകളും രാപകലില്ലാത്ത ആശുപത്രി ഡ്യൂട്ടിയും തുടർപഠനങ്ങളും. മസ്തിഷ്ക ശസ്ത്രക്രിയയോടും ഗവേഷണത്തോടുമുള്ള പോളിന്റെ സമ്പൂർണ്ണ സമർപ്പണം ഇവരുടെ വിവാഹജീവിതത്തിൽ സമ്മർദ്ദങ്ങൾ ചെലുത്തിത്തുടങ്ങി. ഡോക്ടറായി ഉപരിപരിശീലനം നേടുകയായിരുന്നെങ്കിലും സ്വസ്ഥമായ കുടുംബജീവിതം കൂടി സ്വപ്നം കണ്ടിരുന്ന അമേരിക്കൻ യുവതി ലൂസി തന്റെ ഇച്ഛാഭംഗം സൂചിപ്പിക്കാനും തുടങ്ങി. പോളിനെ അയാളുടെ പണിക്കു വിട്ടു വേറിട്ടു പോയാലോ എന്നുവരെ ഉറക്കെ ചിന്തിച്ചുതുടങ്ങി. രണ്ടുപേരും റസിഡൻസിയുടെ അന്ത്യദിനങ്ങളിലാണ്. അപ്പോഴാണ് മാസങ്ങളായി തനിക്ക് അനുഭവപ്പെട്ടിരുന്ന നടുവേദനയ്ക്കും ചുമയ്ക്കും ശരീരത്തിന്റെ ഭാരം കുറയലിനും കാരണം തേടി പോൾ സി.റ്റി. സ്കാനിനു വിധേയപ്പെടുന്നത്. സ്കാൻ ചിത്രം കണ്ട ഡോക്ടർമാരായ പോളും ലൂസിയും നിമിഷങ്ങളോളം കനത്ത നിശ്ശബ്ദതയിൽ മരവിച്ചിരുന്നു. പോളിന്റെ ശ്വാസകോശങ്ങൾ നിറയെ ക്യാൻസർ കുരുക്കൾ. അടുത്ത നിമിഷം അവർ ആലിംഗനബദ്ധരായി. "ലൂസി, എനിക്ക് നിന്നെ ആവശ്യമുണ്ട്"–"പോൾ, നിന്നെ വിട്ടു ഞാനൊരിടത്തും പോവുകയില്ല" പ്രതിഭയുടെയും പ്രതിബദ്ധതയുടെയും മസ്തിഷ്ക ശസ്ത്രക്രിയ വൈദഗ്ദ്ധ്യത്തിന്റെയും വെളുത്ത കോട്ടിട്ടു ജ്വലിച്ചുനിന്ന യുവ ഡോക്ടർ രോഗിയുടെ പൈജാമയിട്ട് ആശുപത്രി കിടക്കയിലായി.

## മൃത്യുബോധത്തെ നേരിട്ടതിങ്ങനെ

മുൻപിൽ നിരവധി വഴികൾ തുറന്നുകിട്ടിയ അസാമാന്യ പ്രതിഭയായിരുന്ന പോൾ കലാനിധി എന്തിനാണ് അതിക്ലേശകരമായ ന്യൂറോസർജറി തന്നെ തെരഞ്ഞെടുത്തത് എന്നു



മലയാളം Fri, 14 October 2016
epaper.malayalamvaarika.com/c/14546544


സ്വയം ചോദിക്കുന്നുണ്ട്. താനൊരു മഹാസമസ്യയ്ക്ക് ഉത്തരം തേടുകയായിരുന്നു എന്നാണ് അദ്ദേഹത്തിന്റെ ഉത്തരം. "മൃത്യുവിനെ പിന്തുടർന്നു പിടിച്ച്, അതിന്റെ മുഖംമൂടി വലിച്ചു കീറി, കണ്ണിമയ്ക്കാതെ നിന്ന് അതിനെ കണ്ണിൽ കണ്ണിൽ നോക്കാനാണ്. തലച്ചോറിന്റെയും ബോധത്തിന്റെയും ഇഴകൾ തമ്മിൽ കൂട്ടിപ്പിരിച്ചിരിക്കുന്നതുപോലെതന്നെ അവിടെ മരണത്തിന്റെയും ജീവന്റെയും ഇഴകളും തമ്മിൽ ചേർത്തു മെടഞ്ഞിരിക്കുന്നതുകൊണ്ടാണ് മസ്തിഷ്ക ശസ്ത്രക്രിയ എന്നെ ആകർഷിച്ചത്." ഇവ രണ്ടിനും ഇടയിൽ ജീവിതം നയിക്കാൻ തീരുമാനമെടുത്തതു സഹജീവികളോടുള്ള സഹാനുഭൂതികൊണ്ടു മാത്രമല്ല, തന്റെ തന്നെ ജീവന്റെയും അസ്തിത്വത്തിന്റെയും രഹസ്യങ്ങളിലേക്ക് ഉൾക്കാഴ്ച കിട്ടിയേക്കും എന്ന ചിന്തകൊണ്ടു കൂടിയാണ്. തന്റെ മെഡിക്കൽ ജോലിയിൽ ജീവനും മരണവും തമ്മിലുള്ള സമരത്തിനു നിരന്തരം സാക്ഷിയാവുന്നതു തന്റെ സ്വന്തം വേദനാപൂർവ്വമായ അർത്ഥാന്വേഷണത്തെ ഊതിത്തെളിച്ചുകൊണ്ടിരുന്നു.

ശരീരത്തിലെ മറ്റേതെങ്കിലും ഭാഗത്തു നടത്തുന്ന ശസ്ത്രക്രിയകളിൽനിന്നു വ്യത്യസ്തമാണ് തലച്ചോറിലേത്. അവിടെ നടത്തുന്ന ഗൗരവമായ ഇടപെടലുകൾ ഒരുപക്ഷേ ഒരാളിന്റെ ആത്മബോധത്തെ മാറ്റിയേക്കാം. താൻ ആരാണെന്ന് ഓരോ വ്യക്തിക്കുമുള്ള സങ്കല്പത്തിനു ഭൗതികമായ ചില അടിസ്ഥാനങ്ങൾ അയാളുടെ തലച്ചോറിലെ ന്യൂറോൺ കോശങ്ങളിലും അവയുടെ വിന്യസന ക്രമങ്ങളിലും പരസ്പര ബന്ധങ്ങളിലുമുണ്ട്. കോപം, സ്നേഹം, അസൂയ, കാമം, സന്തോഷം, ദയ, വാത്സല്യം, പരോപകാരം, ത്യാഗബോധം തുടങ്ങിയ എല്ലാ മാനുഷിക വികാരങ്ങൾക്കും അവിടെ ഇരിപ്പിടങ്ങളുണ്ട്.

ഡോക്ടറും രോഗിയും തമ്മിലുള്ള ബന്ധത്തിന്റെ അതിസൂക്ഷ്മമായ അടരുകളിൽ കലാനിധിയുടെ ശ്രദ്ധ എപ്പോഴും പതിഞ്ഞിരുന്നു. നിരന്തരം മാറിക്കൊണ്ടിരിക്കുന്ന ഈ ബന്ധത്തെ മനസ്സിലാക്കാൻ ഒരു ഡോക്ടറെന്ന നിലയിൽ മാത്രമേ ആദ്യകാലത്തു തനിക്കു കഴിയുമായിരുന്നുള്ളൂ. താൻ രോഗികളെ ചികിത്സിച്ചുകൊണ്ടിരുന്ന അതേ സ്ഥാപനത്തിൽ, അതേ മുറിയിൽ ഒരു കാൻസർ രോഗിയായി കഴിഞ്ഞപ്പോൾ അതിന്റെ മറുവശവും മനസ്സിലായെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. ഈ അറിവിന്റെ ഉൾക്കാഴ്ചകൾ വെച്ചുകൊണ്ടു വൈദ്യശാസ്ത്ര സങ്കല്പങ്ങളെ തിരുത്തിയെഴുതാൻ കലാനിധി ആഗ്രഹിച്ചു. സഹതാപം എന്ന പഴയ വാക്കു യഥാർത്ഥത്തിൽ സഹാനുഭവമാണെന്നു വ്യക്തമായി. patient എന്ന ഇംഗ്ലീഷ് വാക്കിന്റെ അടിസ്ഥാനാർത്ഥം 'കഠിനമായ ക്ലേശങ്ങളെ യാതൊരു പരാതിയും കൂടാതെ സഹിക്കുന്നയാൾ' എന്നാണ് എന്നു കലാനിധി എടുത്തു പറയുന്നു. ഒരാൾക്കു മാരകമായ കാൻസർ ബാധിച്ചിരിക്കുന്നുവെന്നും ആറു മാസത്തെ ജീവിതമേ അയാൾക്കുള്ളുവെന്നും അറിയിക്കുമ്പോൾ ഘനീഭവിച്ച ഒരു നിശ്ശബ്ദതയാണ് മിക്ക രോഗികളുടെയും പ്രതികരണം. അപ്പോൾ ആ രോഗിയുടെ കൈ തന്റെ കൈയിൽ ചേർത്തുപിടിക്കുകയാണ് ആശയവിനിമയത്തിനുള്ള ഏക മാർഗ്ഗമെന്നു കലാനിധി. ഈ നിശ്ശബ്ദനിമിഷങ്ങളിലൂടെ, സ്നേഹത്തിന്റെ ഊഷ്മളമായ സ്പർശസാന്ത്വനത്തിലൂടെ രോഗിയായ യുവ ഡോക്ടറും കടന്നുപോയി.

രോഗിയോടുള്ള ത്യാഗപൂർണമായ പ്രതിബദ്ധതയായിരുന്നു ഡോ. കലാനിധിയുടെ പരിശീലന

പോളും ഭാര്യ ലൂസിയും മകൾക്കൊപ്പം






മലയാളം Fri, 14 October 2016
epaper.malayalamvaarika.com/c/14546570

കാലത്തെ ധാർമ്മികതയുടെ ചരട്. സാങ്കേതികമായി താൻ നേടുന്ന ശാസ്ത്രവൈദഗ്ദ്ധ്യം തന്റെ നേട്ടത്തിനു വേണ്ടിയല്ല, രോഗികളുടെ സൗഖ്യത്തിനും ആശ്വാസത്തിനും വേണ്ടിയാണ് എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. അതുകൊണ്ട് വൈദ്യശാസ്ത്രത്തിലെ സാങ്കേതിക ജ്ഞാനം വർദ്ധിപ്പിക്കേണ്ടത് ഒരു ധാർമ്മിക ദൗത്യമായിരുന്നു അദ്ദേഹത്തിന്.

എന്താണ് ജീവിതത്തെ അർത്ഥപൂർണ്ണമാക്കുന്നത് എന്ന ചോദ്യമാണ് അദ്ദേഹം എന്നും വേദനാപൂർവ്വം ചോദിച്ചിരുന്നത്. അവസാനത്തെ മാസങ്ങളിൽ ദ്രുതഗതിയിൽ ഈ പുസ്തകമെഴുതുമ്പോഴും ആ ചോദ്യം അതിന്റെ എല്ലാ തീവ്രതയോടും കൂടി വീണ്ടും വീണ്ടും അദ്ദേഹത്തിന്റെ മനസ്സിൽ മുഴങ്ങിക്കൊണ്ടിരുന്നു.

തന്റെ നാളുകൾ എണ്ണപ്പെട്ടു എന്നറിഞ്ഞശേഷമാണ് തങ്ങൾക്ക് ഒരു കുട്ടിയെ ഉടൻ വേണമെന്നു കലാനിധിയും ഭാര്യ ലൂസിയും ആഗ്രഹിച്ചത്. റസിഡൻസി പരിശീലനമൊക്കെ കഴിഞ്ഞു മതി കുട്ടി എന്നാണ് നേരത്തേ ചിന്തിച്ചിരുന്നത്. കീമോതെറാപ്പിയിലെ അതിശക്തമായ രാസൗഷധങ്ങൾ ബീജത്തെ ഏതെങ്കിലും തരത്തിൽ ബാധിച്ചേക്കുമോ എന്ന ഭയം വിദഗ്ദ്ധ ഡോക്ടർമാരായിരുന്ന രണ്ടുപേർക്കും ഉണ്ടായി. അതുകൊണ്ടു ചികിത്സ ആരംഭിക്കുന്നതിനു മുൻപു കൃത്രിമ ബീജസങ്കലനത്തിനായി അവർ ഫെർട്ടിലിറ്റി ക്ലിനിക്കിൽ പോകുന്നുണ്ട്.




ഒന്നിലേറെ ഭ്രൂണങ്ങൾ ഉണ്ടാകുമെന്നും കുറേ ഭ്രൂണങ്ങളെ നശിപ്പിച്ചെങ്കിലേ ഒരെണ്ണത്തിനു ജീവിക്കാനാവൂ എന്ന അറിവു പോളിനെ വളരെ ദുഃഖിപ്പിക്കുന്നുണ്ട്. സ്വന്തം അനുഭവത്തിലും താൻ പഠിക്കുന്ന ജീവശാസ്ത്രത്തിലും എന്താണ് മരണത്തിന്റെ അർത്ഥം എന്ന ചോദ്യം കലാനിധിയെ എപ്പോഴും പിന്തുടർന്നു. മൃത്യുവിന്റെ ഈ ഇരട്ട സമസ്യകൾക്കു സാക്ഷ്യം വഹിക്കാനാണ് താൻ മെഡിസിൻ പഠനം തുടർന്നതെന്ന് അദ്ദേഹം രേഖപ്പെടുത്തുന്നു.

## ഇരട്ടകളായി പിറന്ന ഇരുളും വെളിച്ചവും

ക്ലിനിക്കൽ പരിശീലനകാലത്ത് ആദ്യം കിട്ടിയ ചുമതല പ്രസവവാർഡിലായിരുന്നു. കഷ്ടിച്ച് 24 ആഴ്ചകൾ മാത്രം ഗർഭപാത്രത്തിൽ കഴിഞ്ഞ ഇരട്ടക്കുട്ടികളുടെ ജനനം. സീനിയറിന്റെ സഹായത്തോടെ പ്രസവമെടുത്തു. കുട്ടികളെ ഇൻക്യുബേറ്ററിലേക്കു മാറ്റി. പിറ്റേ രാത്രിയിൽ സ്വന്തമായിത്തന്നെ ഒരു പ്രസവമെടുത്തു. കുഴപ്പമൊന്നും കൂടാതെ ഒരാൺകുട്ടി. പുറത്തു ആകാംക്ഷയോടെ കാത്തുനിന്നിരുന്ന കുടുംബാംഗങ്ങളോടു സന്തോഷവാർത്ത അറിയിച്ചപ്പോൾ, പർവ്വതങ്ങളിൽ നിന്നിറങ്ങിവന്നു വിജയവാർത്ത അറിയിക്കുന്ന പ്രവാചകന്റെ ഭാവമായിരുന്നു തനിക്കെന്നു കലാനിധി. തിരിച്ചു മുറിയിലെത്തി തലേദിവസത്തെ ഇരട്ടക്കുട്ടികളുടെ കാര്യം തിരക്കി. ഒരു കുട്ടി മരിച്ചുകഴിഞ്ഞിരുന്നു. മറ്റേതു മരണത്തോടടുക്കുന്നു. "ഞാൻ സാക്ഷ്യം വഹിച്ച ആദ്യത്തെ ജനനം ആദ്യത്തെ മരണവുമായിരുന്നു." ജനിച്ചു തുടങ്ങുന്ന ശിശുവിനെ ജീവിതത്തിലേക്കു വലിച്ചെടുക്കുന്ന അതേ 'ചവണകൊണ്ടുതന്നെ ജീവനു ശവക്കുഴി തോണ്ടുന്ന' ഡോക്ടറാണ് താനെന്നാണ് തോന്നിയത്. സാമുവൽ ബക്കറ്റിന്റെ കഥാപാത്രം പറയുന്ന വാക്യങ്ങളാണ് യുവഡോക്ടറുടെ മനസ്സിൽ വന്നത്. "ഒരു ദിവസം നാം ജനിച്ചു. ഒരു ദിവസം നാം മരിക്കും. ഒരേ ദിവസം. ഒരേ നിമിഷം. ശവക്കുഴിയുടെ മുകളിൽ കാലുകൾ കവച്ചുനിന്ന് അവർ പ്രസവിക്കുന്നു. ഒരു നിമിഷം വെളിച്ചം. പിന്നെ വീണ്ടും രാത്രി."

രോഗികളോടുള്ള ഉത്തരവാദിത്വം ഡോ. കലാനിധിയെ എപ്പോഴും ജാഗരൂകനാക്കി നിർത്തി. ഗുരുതരമായ അപകടങ്ങളിൽ തലപൊട്ടി വരുന്ന രോഗികൾ, ആത്മഹത്യാശ്രമം നടത്തി തലച്ചോറിനു ക്ഷതമേറ്റവർ, തലച്ചോറിലെ കാൻസറുമായി വരുന്നവർ, നട്ടെല്ലും നാഡീവ്യൂഹവും തകർന്ന് എത്തുന്നവർ-ഈ രോഗികളെല്ലാം കഠിനമായ ധാർമ്മിക പ്രതിസന്ധിയാണ് അദ്ദേഹത്തിനു നൽകിയത്. ബോധമറ്റ്, നിരവധി ട്യൂബുകളിലും വയറുകളിലും കുരുങ്ങിക്കിടക്കുന്ന രോഗിക്ക് എന്തു ഭാവിയാണ് താൻ നൽകേണ്ടത്. പുറത്തു കണ്ണീരിൽ കുളിച്ചു കാത്തുനിൽക്കുന്ന ബന്ധുമിത്രാദികളോട് എന്തു സന്ദേശമാണ് തനിക്കു നൽകാനാവുക? ജീവൻ നിലനിർത്താനായാൽത്തന്നെ, വാടിയ ചേമ്പിൻതാളുപോലെ, തിരിച്ചറിവും ഓർമ്മയും വാക്കുകളുമില്ലാതെ വർഷങ്ങളോളം കിടക്കുന്ന ഒരാളിനെയാണോ തന്റെ വൈദഗ്ദ്ധ്യം കൊണ്ട് അവർക്കു തിരിച്ചുകൊടുക്കാനാവുക? "ഇത്തരം നിമിഷങ്ങളിൽ, ഞാൻ പലപ്പോഴും ചെയ്തിരുന്നതുപോലെ മൃത്യുവിന്റെ ശത്രുവായിട്ടല്ല, അതിന്റെ അംബാസഡറായിട്ടാണ് പ്രവർത്തിച്ചത്" എന്ന് കലാനിധി.

"എന്റെ യൗവ്വനത്തിൽ എനിക്കു കുറച്ചുകൂടി നല്ല മതബോധമുണ്ടായിരുന്നെങ്കിൽ, ഡോക്ടറാകാതെ ഞാനൊരു വൈദികനായേനെ, കാരണം, ഇത്തരം നിമിഷങ്ങളിൽ ഞാൻ സ്വയം അന്വേഷിച്ചുകൊണ്ടിരുന്നത് ഒരു ആത്മീയ ശുശ്രൂഷകന്റെ റോളായിരുന്നു."

ബോധത്തോടെ മസ്തിഷ്ക ശസ്ത്രക്രിയയ്ക്കു വരുന്ന രോഗിയുടെ ആഗ്രഹങ്ങളും ഭാവിയിൽ അയാൾക്ക് അർത്ഥം നൽകുന്ന കാര്യങ്ങളെക്കുറിച്ചും ഡോക്ടർ കലാനിധി വിശദമായി അന്വേഷിക്കുമായിരുന്നു. തലച്ചോറിന്റെ ചില ഭാഗങ്ങൾ ഒരളവിൽ അസ്പർശ്യവും അതിവിശുദ്ധ



മലയാളം Fri, 14 October 2016
epaper.malayalamvaarika.com/c/14546581

വുമാണെന്നു കലാനിധി വിശ്വസിച്ചു. ഉദാഹരണമായി, ഒരാളിൽ ഭാഷയെ നിയന്ത്രിക്കുന്ന മേഖല. അനുപേക്ഷണീയമായ ഓപ്പറേഷനുകളിൽ ചിലപ്പോൾ രണ്ടിലൊന്നു തീരുമാനിക്കേണ്ടിവരും. ട്യൂമർ പൂർണമായി നീക്കിയാൽ ഭാഷാശേഷി നഷ്ടപ്പെടും. ഭാഷാശേഷി നിലനിർത്തിയാൽ ട്യൂമർ അവശേഷിക്കും. ഇത്തരം പ്രതിസന്ധികളിൽ, രോഗിയുടെ തന്നെ താല്പര്യത്തിനാണ് മുൻഗണന കൊടുത്തിരുന്നത്. ഭാഷ തിരിച്ചറിയാനാവാതെയും പറയാനോ കേൾക്കാനോ വയ്യാതെയും ജീവിക്കുന്നതിനേക്കാൾ മരണമാണ് നന്നെന്നു വിചാരിക്കുന്ന രോഗികൾ കാണും.

ന്യൂറോ മോഡുലേഷൻ എന്നു വിശേഷിപ്പിക്കുന്ന, ന്യൂറോൺ കോശങ്ങളുടെ ഉത്തേജനം സംബന്ധിച്ച ഗവേഷണത്തിലാണ് പോൾ കലാനിധി തന്റെ ചാതുര്യം പ്രത്യേകം പ്രകടിപ്പിച്ചത്. അപകടം മൂലമോ സർജറി മൂലമോ ഭാഷ ഉപയോഗിക്കാൻ കഴിയാത്ത ഒരാൾ, ബാഹ്യലോകത്തിനു നൽകുന്ന സന്ദേശം മനസ്സിലാക്കുന്നതു സംബന്ധിച്ചു ധാരാളം ഫലപ്രദമായ ഗവേഷണങ്ങൾ നടക്കുന്നുണ്ട്. എന്നാൽ തിരിച്ച്, അങ്ങോട്ടു സന്ദേശങ്ങൾ നൽകാൻ എങ്ങനെ സാധിക്കുമെന്നതായിരുന്നു അദ്ദേഹത്തെ സംബന്ധിച്ച പ്രധാന ചോദ്യം.

## മനസ്താപമില്ലാത്ത കീഴടങ്ങൽ

ശരീരം തീരെ അവശമാകുന്നതു വരെ കലാനിധി സാധാരണമെന്ന പോലെ വിദഗ്ദ്ധമായ മസ്തിഷ്ക ശസ്ത്രക്രിയകൾ നടത്തുമായിരുന്നു. 'സമയത്തെക്കുറിച്ചുള്ള ബോധമാണ് വിരസത' എന്നു പ്രശസ്ത ജർമ്മൻ ദാർശനികനായിരുന്ന ഹൈഡഗ്ഗർ പറഞ്ഞതു രോഗിയായ ഡോക്ടർ ഓർത്തുകൊണ്ടിരുന്നു. ഓപ്പറേഷൻ തീയേറ്ററിൽ കയറിയാൽ പിന്നെ സമയബോധം നഷ്ടപ്പെട്ടിരുന്നു. അതുപോലെ വിരസതയും കാൻസറിന്റെ വേദനയും ഭാവിയെക്കുറിച്ചുള്ള ആകുലതയും എല്ലാം. ദിവസവും ശസ്ത്രക്രിയ ചെയ്യുന്നതായിരുന്നു അദ്ദേഹത്തിന്റെ സർവ്വവേദനാസംഹാരി. എങ്കിലും തിയേറ്ററിൽ നിന്നിറങ്ങിയാൽ തീർത്തും പരിക്ഷീണനാകുന്നതുകൊണ്ട് രോഗിയുടെ പിന്നീടുള്ള മേൽനോട്ടവും അടിയന്തര ഡ്യൂട്ടികളും വാർഡ് സന്ദർശനവും മറ്റുള്ളവരെ ഏല്പിച്ചു. ദിവസം ഒരു ഓപ്പറേഷൻ മാത്രം എന്ന രീതിയാവുകയും ചെയ്തു. രോഗം മൂർച്ഛിച്ചപ്പോൾ കീമോതെറാപ്പി അനുപേക്ഷണീയമായി.

രാസചികിത്സയുടെ ഫലമായി തന്റെ ശരീരത്തിൽ സുന്ദരമെന്നു കരുതിയിരുന്ന അവയവങ്ങളൊക്കെ വരണ്ടുതുടങ്ങിയെന്നു കലാനിധി അറിഞ്ഞു. വെള്ളക്കാരിയായ ലൂസി തന്റെ ഭർത്താവിന്റെ (കറുത്തു) മിനുസമുള്ള ചർമ്മസൗന്ദര്യത്തെക്കുറിച്ച് അഭിനന്ദനപൂർവ്വം പലപ്പോഴും പറഞ്ഞിരുന്നത് ഓർത്തു. പക്ഷേ ഇപ്പോൾ ജീവനാണ് പ്രധാനം. ബോധം നഷ്ടപ്പെട്ട ശരീരത്തെക്കാൾ, വിരൂപമായ ശരീരമാണ് തനിക്കു പ്രധാനം എന്നദ്ദേഹം പറയുന്നുണ്ട്. കാത്തുകാത്തിരുന്ന കുട്ടി ജനിച്ചപ്പോൾ പ്രസവമുറിയിൽ പോൾ തണുത്തുവിറച്ച് കട്ടിയേറിയ പുതപ്പുകൾക്കുള്ളിൽനിന്നു തന്റെ വരണ്ട കൈകൾ നീട്ടി ലൂസിയുടെ കൈയിൽ പിടിച്ചിരുന്നു. കുട്ടിയുടെ ജനനം പോളിനു വലിയ ആത്മവിശ്വാസവും സന്തോഷവും നൽകി. കുട്ടിയെ തന്റെ ശരീരത്തോടു ചേർത്തുപിടിച്ചു താലോലിക്കാൻ കഴിഞ്ഞതോടൊപ്പം, ജീവിതത്തിൽ അർത്ഥം നൽകുന്ന ഘടകമെന്താണെന്നുള്ള പഴയ ആലോചന വീണ്ടും തീവ്രമായി. താൻ വിശ്വാസമർപ്പിച്ചിരുന്ന ശാസ്ത്രത്തിന്റെ അടിസ്ഥാന സങ്കല്പങ്ങളെ ചോദ്യം ചെയ്തു ജീവിതത്തിന് അർത്ഥം നൽകാൻ ഒരിക്കലും ശാസ്ത്രത്തിനാവില്ല എന്ന ചിന്തയിലേക്കാണ് കലാനിധി കടന്നത്. സാഹിത്യത്തിലേക്കും കവിതയിലേക്കും വീണ്ടും അദ്ദേഹം തിരിഞ്ഞു. കവിതയാണ് തന്റെ അർത്ഥാന്വേഷണത്തെ ഒരളവുവരെ തൃപ്തിപ്പെടുത്തിയത്.

തന്റെ നാളുകൾ എണ്ണപ്പെട്ടു വെന്ന ബോധ്യത്തിൽ തിരക്കിട്ടാണ് ഈ പുസ്തകമെഴുതിയത്. അതു തീർക്കുന്നതിനു മുൻപ് അദ്ദേഹം തിരോഭവിക്കുകയും ചെയ്തു. ഇതിന് അവതാരിക എഴുതിയത് പ്രസിദ്ധനായ ഇന്ത്യൻ-അമേരിക്കൻ ഡോക്ടറും എഴുത്തുകാരനുമായ ഏബ്രഹാം വർഗീസാണ്. ലൂസിയുടെ ഹൃദയസ്പർശിയായ ഒരു പിൻകുറിപ്പുണ്ട്. തകർന്നുപോയേക്കാവുന്ന ഒരു ദാമ്പത്യബന്ധത്തെ എങ്ങനെ പരോക്ഷമായി പോളിന്റെ കാൻസർ രോഗം സഹായിച്ചു എന്നു രണ്ടുപേർക്കും ബോധ്യമായിരുന്നു. തന്റെ മകൾക്കു വേണ്ടി പോൾ കലാനിധി ഇങ്ങനെ എഴുതി: ''ഭാവിയിൽ എന്നെങ്കിലും നിനക്കു നിന്റെ ജീവിതത്തിലെ നിർണായകമായ നിമിഷങ്ങളെക്കുറിച്ചു പറയേണ്ടിവന്നാൽ ഒരു കാര്യം അവഗണിക്കരുത്, അതായതു മരിച്ചുകൊണ്ടിരിക്കുന്ന ഒരു മനുഷ്യന്റെ ദിനങ്ങളെ പൂർണ സംതൃപ്ത മായ സന്തോഷംകൊണ്ടു നീ നിറച്ചു; എന്റെ മുൻ വർഷങ്ങളിൽ ഒരിക്കലും ഞാൻ അറിയാതിരുന്ന ഒരു സന്തോഷം, കൂടുതൽ കൂടുതൽ കിട്ടണമെന്ന് ഒരിക്കലും ആശിക്കാത്ത, സ്വസ്ഥമായ സംതൃപ്തിയിലെത്തിയ ഒരു സന്തോഷം, ഈ നിമിഷത്തിൽ അതൊരു മഹാ കാര്യമാണ്.''

പോളിന്റെ മാതാപിതാക്കളും സഹോദരന്മാരും മറ്റു സ്നേഹിതരുമെല്ലാം അടങ്ങിയ വലിയൊരു കുടുംബവലയം പോളിന്റെ അന്ത്യനാളുകളെ സ്നേഹമസൃണമാക്കി. ശ്വാസകോശങ്ങളിൽ മുഴുവൻ ക്യാൻസർ കുരുക്കൾ നിറഞ്ഞതോടെ പോളിനെ വെന്റിലേറ്ററിലേക്കു മാറ്റി. അപ്പോഴും താൻ ആഗ്രഹിച്ചതുപോലെ ബോധം സദാ ജാഗ്രത്തായി തുടർന്നു. ഒരു നിമിഷം തന്റെ യാത്രയിൽ ഇനി ഇവിടെ അർത്ഥം നൽകാനൊന്നുമില്ലെന്നു മനസ്സിലാക്കിയ പോൾ പറഞ്ഞു: ''ഞാൻ റെഡിയാണ്.''

പോളിന്റെ മരണശേഷം ലൂസി തന്റെ മകൾക്കു ഭാവിയിൽ വായിക്കാൻവേണ്ടി എഴുതി: ''സാധാരണഗതിയിൽ ഒരാൾ മരിക്കുമ്പോൾ അയാളുടെ വീട്ടുകാരും സ്നേഹിതരുമൊക്കെ പല നല്ല കാര്യങ്ങളും പരേതനെക്കുറിച്ചു പറയും. എന്നാൽ നിന്റെ പിതാവിനെക്കുറിച്ച് ഇപ്പോൾ ആളുകൾ പറയുന്ന നല്ല വാക്കുകളെല്ലാം നൂറു ശതമാനം വാസ്തവമാണ്. ഞാൻ അദ്ദേഹത്തിന്റെ ഭാര്യയും സാക്ഷിയുമാണ്.'' ●



മലയാളം Fri, 14 October 2016
epaper.malayalamvaarika.com/c/14546601